ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പശ്ചിമബംഗാളിൽ ട്രെയിനുകൾ കൂട്ടിയിടിച്ച് അഞ്ചുപേർ മരിച്ചു ; രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു ; അനുശോചിച്ച് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

   **Five killed in train collision in West Bengal; President, Vice President and Prime Minister express grief over the tragic accident.**

2. പി എം കിസാൻ സമ്മാൻ പദ്ധതിയുടെ ഭാഗമായി കർഷർക്ക് 20,000 കോടിയിലധികം രൂപ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വിതരണം ചെയ്യും.

   **PM Narendra Modi will release the 17th instalment of more than 20 thousand crore rupees under Pradhan Mantri Kisan Samman Nidhi tomorrow.**

3. മണിപ്പൂരിലെ ക്രമസമാധാനം വിലയിരുത്താൻ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ഉന്നതതലയോഗം ചേരും.

   **Union Home Minister Amit Shah will chair a high-level meeting today in New Delhi to review the security situation in Manipur.**

4. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും സ്മരണയിൽ ഇന്ന് ബലിപെരുന്നാൾ.

   **Eid-ul-Azha,the festival of sacrifice is being celebrated today**

5. ട്വന്റി- 20 ലോകകപ്പ് ക്രിക്കറ്റിൽ നെതർലാൻഡ്സിനെതിരെ ശ്രീലങ്കയ്ക്കും നേപ്പാളിനെതിരെ ബംഗ്ലാദേശിനും ജയം.

In Twenty-20 World Cup Cricket, Sri Lanka wins against Netherlands and Bangladesh wins against Nepal.

*****************************

## REV. TRAIN COLLISION

പശ്ചിമബംഗാളിലെ ഡാർജിലിംഗ് ജില്ലയിലെ സിലിഗുഡി സബ് ഡിവിഷന് കീഴിലുള്ള രംഗപാണി സ്റ്റേഷന് സമീപം ട്രെയിനുകൾ കൂട്ടിയിടിച്ച് അഞ്ചുപേർ മരിച്ചു. 30 പേർക്ക് പരിക്കേറ്റു. കാഞ്ചൻ ജംഗ എക്സ് പ്രസിന്റെ പിൻഭാഗത്തേക്ക് ചരക്ക് തീവണ്ടി ഇടിച്ചുകയറിയാണ് അപകടമുണ്ടായത്. രാവിലെ 9.30-ഓടെയായിരുന്നു സംഭവം. രക്ഷാ പ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിൽ തുടരുകയാണെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. റെയിൽവേ, ദുരന്തനിവാരണ സേന എന്നിവ സംയുക്തമായാണ് രക്ഷാപ്രവർത്തനം നടത്തുന്നത്. പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റുകയാണെന്നും സംഭവം നിർഭാഗ്യകരമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ചരക്കുതീവണ്ടി സിഗ്നൽ തെറ്റിവന്നതാണ് അപകടത്തിന് ഇടയാക്കിയതെന്നാണ് സൂചന. ത്രിപുരയിലെ അഗർത്തലയിൽ നിന്ന് ബംഗാളിലെ സിൽദയിലേക്ക് സർവ്വീസ് നടത്തുന്ന 1 3 1 7 4 നമ്പർ കാഞ്ചൻജംഗ എക്സ് പ്രസാണ് അപകടത്തിൽപ്പെട്ടത്. ട്രെയിനിൻറെ മൂന്ന് കോച്ചുകൾക്ക് സാരമായി കേടുപാടുകൾ സംഭവിച്ചു. പശ്ചിമ ബംഗാളിൽ ട്രെയിൻ അപകടത്തിൽ അനുശോചനം അറിയിച്ച് രാഷ്ട്രപതി ദ്രൗപദി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും, പ്രധാനമന്ത്രി നരേന്ദ്രമോദിയും. സംഭവം വേദനാജനകമാണെന്നും ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങളുടെ വേദനയിൽ പങ്ക് ചേരുന്നതായും രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിൻറെ ദുഖത്തിൽ പങ്കുചേരുന്നതായും പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. അപകടത്തിൽ ജീവൻഹാനിയുണ്ടായവരുടെ ആശ്രിതർക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും

രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു.

****************************

## KISAN SAMMAN NIDHI

പി.എം.കിസാൻ സമ്മാൻ നിധിയുടെ പതിനേഴാം ഗഡുവിന്റെ ഭാഗമായി 20000 കോടിയിലധികം രൂപ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വിതരണം ചെയ്യും. വാരണാസിയിൽ നടക്കുന്ന ചടങ്ങിൽ 9 കോടി 26 ലക്ഷത്തോളം കർഷകർക്കാണ് തുക വിതരണം ചെയ്യുക. നിലവിൽ പദ്ധതിയുടെ ഭാഗമായി 11 കോടിയിലധികം കർഷകർക്കായി 3 ലക്ഷം കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. സ്വയം സഹകരണ സംഘങ്ങളിൽ അംഗങ്ങളായ 30000 വനിതാകർഷകർക്കു കൃഷി സഖികൾക്കുള്ള സാക്ഷ്യപത്രവും പ്രധാനമന്ത്രി വിതരണം ചെയ്യും.

****************************

## PM-UP-BIHAR

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെയും മറ്റന്നാളുമായി ഉത്തർപ്രദേശും ബിഹാറും സന്ദർശിക്കും.

**വിശദാംശങ്ങളിലേയ്ക്ക്.....................**

(വോയ്സ്)

നാളെ വൈകിട്ട് ശ്രീ.നരേന്ദ്രമോദി ദശാശ്വമേധ് ഘട്ടിൽ ഗംഗ ആരതിയിൽ പങ്കെടുക്കും. കാശി വിശ്വനാഥ ക്ഷേത്രത്തിലും അദ്ദേഹം ദർശനം നടത്തും. മറ്റന്നാൾ നളന്ദ സർവകലാശാലയുടെ രാജഗിരിയിലുള്ള ക്യാമ്പസ് ഉദ്ഘാടനം ചെയ്യും. 17 രാജ്യങ്ങളുടെ പ്രതിനിധികൾ നളന്ദയിലെ ചടങ്ങിൽ പങ്കെടുക്കും. 1900 പേരെ ഉൾക്കൊള്ളിക്കാവുന്ന വിശാല ക്യാമ്പസ്സിൽ രണ്ടു ബ്ലോക്കുകളിലായി 40 ക്ലാസ് മുറികളാണ് സജ്ജമാക്കിയിട്ടുള്ളത്.

500 വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യവും ക്യാമ്പസ്സിൽ ഉണ്ടാകും. നെറ്റ് സീറോ ഹരിത ക്യാമ്പസ് മാതൃകയിലാണ് നിർമാണം പൂർത്തീകരിച്ചിട്ടുള്ളത്. സൗരോർജ്ജ പ്ലാൻറ്, കുടിവെള്ള ശുചീകരണ സംവിധാനം, സ്പോർട്സ് കോംപ്ലക്സ് എന്നിവയും ക്യാമ്പസ്സിന്റെ ഭാഗമാണ്. **ന്യൂസ് ഡസ്ക് , ആകാശവാണി.......**

***************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കി ബാത്ത്' ഈ മാസം 30-ന് കേൾക്കാം. തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി നരേന്ദ്ര മോദി അധികാരമേറ്റ ശേഷം പ്രക്ഷേപണം ചെയ്യുന്ന ആദ്യ പതിപ്പായിരിക്കും ഇത്.

***************************

## SHAH - MANIPUR MEETING

മണിപ്പൂരിലെ ക്രമസമാധാനം വിലയിരുത്താൻ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ഉന്നതതലയോഗം ചേരും. വൈകിട്ട് ന്യൂ ഡൽഹിയിൽ നടക്കുന്ന യോഗത്തിൽ കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥരും വിവിധ സുരക്ഷാസേനയിലെ ഉദ്യോഗസ്ഥരും പങ്കെടുക്കും.

***************************

## PM-YOGA VIDEO

അന്താരാഷ്ട്ര യോഗ ദിനത്തിന്റെ പത്താം പതിപ്പിന് മുന്നോടിയായി, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഭദ്രാസനത്തിന്റെ വീഡിയോ ക്ലിപ്പ് സമൂഹമാധ്യമത്തിൽ പങ്കുവെച്ചു. ഭദ്രാസനം സന്ധികളെ ശക്തിപ്പെടുത്തുന്നതിനും കാൽമുട്ടിലെ വേദന കുറയ്ക്കുന്നതിനും നല്ലതാണെന്നും പ്രധാനമന്ത്രി കുറിച്ചു

***************************

## BAKRID

ത്യാഗത്തിൻറേയും സമർപ്പണത്തിൻറേയും സ്മരണയിൽ ഇന്ന് ബലിപെരുന്നാൾ. പ്രവാചകൻ ഇബ്രാഹിം നബിയുടെ ത്യാഗത്തിന്റെ ഓർമ്മ പുതുക്കുകയാണ് ഓരോ ബലി പെരുന്നാളും. ദേശീയ തലസ്ഥാനമായി ന്യൂഡൽഹിയിൽ, ജുമാ മസ്ജിദ്, ഫത്തേപുരി മസ്ജിദ്, ഷാഹി ഈദ്ഗാഹ് എന്നിവിടങ്ങളിൽ പ്രധാന പ്രാർത്ഥനകൾ നടന്നു. പ്രാർത്ഥനകൾക്ക് നേതൃത്വം നൽകിയ ഇമാമുമാർ, സമാധാനവും സൗഹാർദവും നിലനിർത്താനും സാഹോദര്യത്തിന്റെ മനോഭാവത്തിൽ പെരുന്നാൾ ആഘോഷിക്കാനും ജനങ്ങളോട് അഭ്യർത്ഥിച്ചു. കേരളത്തിലെ പള്ളികളിലും ഈദ് ഗാഹുകളിലും പെരുന്നാൾ നമസ്ക്കാരം നടന്നു. മക്കയിലെ ഹജ്ജ് കർമ്മത്തിൻറെ പരിസമാപ്തി കൂടിയാണ് ഈദ് ഉൽ അസ്ഹ എന്നറിയപ്പെടുന്ന ബലി പെരുന്നാൾ.

*****************************

## PRES, PM – EID

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ രാജ്യത്തെ ജനങ്ങൾക്ക് ബലിപെരുന്നാൾ ആശംസകൾ നേർന്നു. ത്യാഗത്തിന്റെയും പരിത്യാഗത്തിന്റെയും ഉത്സവമാണ് ബലിപെരുന്നാളെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. ഈ അവസരത്തിൽ എല്ലാ ജനങ്ങളുടെയും, പ്രത്യേകിച്ച് അധഃസ്ഥിത വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കണമെന്ന് അവർ ജനങ്ങളോട് അഭ്യർത്ഥിച്ചു. ഈ ആഘോഷവേളയിൽ സമൂഹത്തിന്റെ അടിസ്ഥാനശിലയായ ഐക്യം, ദയ, എന്നീ മൂല്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ ഉപരാഷ്ട്രപതി ധൻഖർ ജനങ്ങളോട് ആഹ്വാനം ചെയ്തു. അതേസമയം, സമൂഹത്തിലെ ഒത്തൊരുമയും സ്നേഹവും കൂടുതൽ ഉറപ്പിക്കാൻ ഈ ആവസരത്തിൽ കഴിയട്ടെയെന്ന് ശ്രീ നരേന്ദ്ര മോദി ആശംസിച്ചു.

## KUWAIT FIRE – GEORGE KURIEN

കുവൈറ്റിലെ ഫ്ലാറ്റിൽ ഉണ്ടായ തീപിടുത്തത്തിൽ മരണമടഞ്ഞ മാത്യു തോമസിന്റെ ചെങ്ങന്നൂരിലെ വസതി കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ സന്ദർശിച്ചു. കേന്ദ്രസർക്കാരിന്റെ എല്ലാവിധ സഹായങ്ങളും ബന്ധുക്കൾക്ക് അദ്ദേഹം ഉറപ്പ് നൽകി. 30 വർഷമായി കുവൈറ്റിലെ ഷോപ്പിംഗ് മാളിൽ സെയിൽസ് മാൻ ആയി ജോലി ചെയ്തു വരികയായിരുന്നു മാത്യു തോമസ്. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ശേഷം നടക്കും. തീപിടുത്തത്തിൽ മരിച്ച പത്തനംതിട്ട അട്ടച്ചാക്കൽ സ്വദേശി സജു കുര്യന്റെ വീട്ടിലെത്തിയും ശ്രീ ജോർജ് കുര്യൻ അന്തിമോപചാരമർപ്പിച്ചു.

*****************************

## BJP WATER CRISIS PROTEST

ജലക്ഷാമത്തിന്റെ പേരിൽ ഡൽഹി സർക്കാരിനെതിരെ ബിജെപി ഇന്ന് ദേശീയ തലസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധിച്ചു. നിരവധി ബിജെപി നേതാക്കളും ഡൽഹി ലോക്‌സഭാ എംപിമാരും, സംസ്ഥാന സർക്കാരിനെതിരെ പ്രതിഷേധവുമായി രംഗത്തെത്തി. ജലമോഷണവും കരിഞ്ചന്തയും തടയുന്നതിൽ ഡൽഹി സർക്കാർ പരാജയപ്പെട്ടെന്ന് ഗീത കോളനി മേഖലയിൽ മാധ്യമങ്ങളോട് സംസാരിക്കവെ ഡൽഹി ബിജെപി അധ്യക്ഷൻ വീരേന്ദ്ര സച്ദേവ ആരോപിച്ചു. എന്നാൽ ബിജെപിയുടെ ആരോപണങ്ങളെ ആം ആദ്മി പാർട്ടി ശക്തമായി എതിർത്തു. ഡൽഹിയിൽ ജലക്ഷാമം വഷളാക്കുന്നതിന് ബിജെപി സജീവമായി ശ്രമിക്കുകയാണെന്ന് മുതിർന്ന എഎപി നേതാവും, രാജ്യസഭാ എംപിയുമായ സഞ്ജയ് സിംഗ് ആരോപിച്ചു.

*****************************

## REV. SIKKIM EVACUATION

കനത്ത മഴയെ തുടർന്ന് സിക്കിമിലെ, മംഗൻ ജില്ലയിൽ കുടുങ്ങിക്കിടക്കുന്ന 1,200 ലധികം വിനോദസഞ്ചാരികളെ ഒഴിപ്പിക്കുന്ന നടപടികൾ ഇന്ന് ആരംഭിച്ചേക്കും. കാലാവസ്ഥ അനുകൂലമാകുന്നതോടെ വിമാനമാർഗമോ റോഡ്

മാർഗമോ ഒഴിപ്പിക്കൽ നടപടികൾ ഇന്നുതന്നെ ആരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു . നിലവിൽ എല്ലാ വിനോദസഞ്ചാരികളും സുരക്ഷിതരാണെന്നും, ജില്ലാ ഭരണകൂടം അവർക്ക് ആവശ്യമായ താമസസൗകര്യം ക്രമീകരിച്ചിട്ടുണ്ടെന്നും അധികൃതർ വ്യക്തമാക്കി. മണ്ണിടിച്ചിലിനെത്തുടർന്ന് 15 വിദേശികളടക്കം 1,200-ലധികം വിനോദസഞ്ചാരികളാണ് ലാചുങ് ടൗണിൽ കുടുങ്ങിയത്. ബോർഡർ റോഡ്സ് ഓർഗനൈസേഷൻറെ നേതൃത്വത്തിൽ റോഡുകൾ വൃത്തിയാക്കുന്നതിനും, വടക്കൻ സിക്കിമുമായുള്ള ബന്ധം പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്.

****************************

## PIB FACT CHECK– AGNIPATH SCHEME

അഗ്നിപഥ് പദ്ധതി സൈനിക് സമാൻ എന്ന പേരിൽ പുനരാരംഭിച്ചുവെന്ന തരത്തിൽ വാട്സ് ആപ്പിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ഡ്യൂട്ടി കാലാവധി ഏഴു വർഷമായി നീട്ടിയതായും, 60 ശതമാനം സ്ഥിരം ജീവനക്കാരും വരുമാന വർദ്ധനയും ഉൾപ്പെടെ നിരവധി മാറ്റങ്ങളോടെയാണ് പദ്ധതി പുനരാരംഭിച്ചതെന്ന് സന്ദേശത്തിൽ അവകാശപ്പെടുന്നു. കേന്ദ്രം ഇത്തരമൊരു തീരുമാനമെടുത്തിട്ടില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ വ്യക്തമാക്കി.

****************************

## CRICKET

ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് രാവിലെ നടന്ന ഗ്രൂപ്പ് മത്സരങ്ങളിൽ ബംഗ്ലാദേശിനും ശ്രീലങ്കയ്ക്കും ജയം. ഗ്രൂപ്പ് -ഡിയിലെ പോരാട്ടത്തിൽ നേപ്പാളിനെ 21 റൺസിനാണ് ബംഗ്ലാദേശ് പരാജയപ്പെടുത്തിയത്. മറ്റൊരു മൽസരത്തിൽ നെതർലാൻഡ്സിനെ ശ്രീലങ്ക 83 റൺസിന് തോൽപ്പിച്ചു.

രാത്രി നടക്കുന്ന മത്സരത്തിൽ ന്യൂസിലൻഡ് പാപ്പുവ ന്യൂ ഗിനിയയുമായി ഏറ്റുമുട്ടും.

****************************

## HAJ DEATH

സൗദി അറേബ്യയിൽ ഹജ്ജ് തീർഥാടനത്തിനിടെ ജോർദാനിലെ 14 പൗരന്മാർ സൂര്യാഘാതമേറ്റ് മരിച്ചതായും 17 പേരെ കാണാതായതായും ജോർദാൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു. കാണാതായവർക്കായി തിരച്ചിൽ തുടരുകയാണ്. മരിച്ചവരുടെ മൃതദേഹങ്ങൾ അവരുടെ കുടുംബാംഗങ്ങളുടെ ആഗ്രഹപ്രകാരം സംസ്കരിക്കുന്നതിനോ കൊണ്ടുപോകുന്നതിനോ ഉള്ള നടപടിക്രമങ്ങളിൽ സൗദി അധികാരികളുമായി ഏകോപിപ്പിക്കുകയാണെന്ന് ജോർദാൻ വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.അഞ്ച് ഇറാനിയൻ തീർഥാടകർക്കും ജീവൻ നഷ്ടപ്പെട്ടതായി ഇറാനിയൻ റെഡ് ക്രസൻറ് സ്ഥിരീകരിച്ചു, എന്നാൽ അവരുടെ മരണകാരണം വ്യക്തമാക്കിയിട്ടില്ല. ലോകത്തിലെ ഏറ്റവും വലിയ ബഹുജന സമ്മേളനങ്ങളിലൊന്നാണ് ഹജ്ജ്. ഈ വർഷം 1.8 ദശലക്ഷത്തിലധികം തീർഥാടകർ ഹജ്ജിൽ പങ്കെടുക്കുന്നുണ്ടെന്ന് സൗദി അധികൃതർ അറിയിച്ചു. തീർഥാടനം ബുധനാഴ്ച സമാപിക്കും.

****************************

## JAYA - TRAIN ACCIDENT

പശ്ചിമ ബംഗാളിൽ കാഞ്ചൻജംഗ എക്സ്പ്രസുമായി ചരക്ക് ട്രെയിൻ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ രക്ഷാപ്രവർത്തനം പൂർത്തിയായതായി റെയിൽവേ ബോർഡ് ചെയർമാനും സിഇഒയുമായ ജയ വർമ്മ പറഞ്ഞു.

********************************************************************************

****